**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5038 | 04.07.2012-ൽ മറുപടിയ്ക്ക്

**<u>എ. ആർ. ക്യാമ്പിൽ മന്ത്രിയുടെ ഗൺമാൻ വെടിയുതിർത്ത സംഭവം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ: | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) എ.ആർ. ക്യാമ്പിൽ തോക്ക് വൃത്തിയാക്കാൻ എത്തിയ മന്ത്രിയുടെ ഗൺമാൻ വെടിയുതിർത്ത് ഭീകരാന്തരീക്ഷം സൃഷ്ടിച്ചതായി പറയപ്പെടുന്ന സംഭവത്തെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ; | (എ) അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ബി) ഈ വിഷയത്തിൽ എ.ആർ. ക്യാമ്പ് അസിസ്റ്റന്റ് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിന്റെ ഉള്ളടക്കം വ്യക്തമാക്കുമോ? | (ബി) പ്രസ്തുത റിപ്പോർട്ടിന്റെ ഉള്ളടക്കം ചുവടെ ചേർക്കുന്നു. "എസ്.ബി.സി.ഐ.ഡി. സെക്യൂരിറ്റി വിംഗിൽ ജോലി ചെയ്യുന്നതും, ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ സുരക്ഷാ വിഭാഗത്തിൽ ജോലി നോക്കി വരുന്നതുമായ സി.പി.ഒ. 5781 ശ്രീ. ഉമേഷ് കെ.വി. 2.6.2012 -ൽ ഡെപ്യൂട്ടി കമാണ്ടന്റെറ് (സെക്യൂരിറ്റി) ന്റെ നിർദ്ദേശ പ്രകാരം ആയുധം പരിശോധിക്കുന്നതിലേക്കു വേണ്ടി എ. ആർ. ക്യാമ്പിലെ ആർമർ എസ്.ഐ യുടെ മുന്നിൽ ഹാജരാകുകയും, ടിയാന് അനുവദിച്ചിരുന്ന പിസ്റ്റളിലെ ഓയിലും ഗ്രീസും തുടച്ച് വൃത്തിയാക്കുവാൻ ശ്രമിക്കവെ പിസ്റ്റളിൽ നിന്നും അബദ്ധവശാൽ വെടി ഉതിരുകയുമുണ്ടായി. ശ്രീ. ഉമേഷ് കെ.വി. പിസ്റ്റൾ കൈകാര്യം ചെയ്യുന്നതിനു വേണ്ടിയുള്ള പ്രാക്ടിക്കൽ ട്രെയിനിംഗും, ഫയറിംഗ് പ്രാക്ടീസും ലഭിച്ചിരുന്ന ആളായിട്ടും |

തനിക്ക് അനുവദിച്ചിട്ടുള്ള പിസ്റ്റളിൽ നിന്നും അബദ്ധവശാൽ വെടി ഉയർന്നത് ടിയാൻ അശ്രദ്ധമായും അലക്ഷ്യമായും തന്റെ പിസ്റ്റൾ കൈകാര്യം ചെയ്തതു കൊണ്ടാണ് എന്ന് എ.ആർ. ക്യാമ്പ് അസിസ്റ്റന്റ് കമാണ്ടർ സമർപ്പിച്ച റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ